# അക്കാദമി അവാർഡുകൾ  പൊതു നിബന്ധനകൾ

1. തൊട്ടു മുമ്പുള്ള മൂന്ന് വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച മൗലിക കൃതികളിൽ നിന്നുമാണ് അവാർഡിനുള്ള കൃതികൾ തെരഞ്ഞെടുക്കുന്നത്.
2. അവാർഡിനുള്ള ഗ്രന്ഥങ്ങൾ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പുകൾ ഓരോ വർഷവും പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. അയച്ചുകിട്ടിയ പുസ്തകങ്ങൾക്കുപുറമെ അക്കാദമി ലൈബ്രറിയിലെ പുസ്തകങ്ങളും പരിഗണിക്കേണ്ടതാണ്.
3. ബന്ധപ്പെട്ട വർഷങ്ങളിൽ പ്രസിദ്ധീകരിച്ച കൃതികളുടെ ഇനം തിരിച്ചുള്ള പ്രാഥമിക പട്ടിക ലൈബ്രറിയിൽ നിന്നും യഥാസമയം തയ്യാറാക്കേണ്ടതാണ്. തെരഞ്ഞെടുത്ത രചനകളോ, സമ്പൂർണ്ണ സമാഹാരങ്ങളോ ഏതെങ്കിലും പ്രത്യേക വിഷയത്തെ മുൻനിർത്തി സമാഹരിച്ച കൃതികളോ പരിഗണിക്കുമ്പോൾ അവയിലെ അൻപതു ശതമാനം രചനകളിലധികം മുൻകാലങ്ങളിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചവയാണെന്ന് കണ്ടെത്തിയാൽ ഒഴിവാക്കാവുന്നതാണ്.
4. ഒരു വിഭാഗത്തിൽ നിന്നും അക്കാദമി അവാർഡിന് പരിഗണിക്കാവുന്ന 10 പുസ്തകങ്ങൾ എക്സിക്യൂട്ടീവ് നിർദ്ദേശിക്കുന്ന 7 പേരടങ്ങുന്ന വിദഗ്ദസമിതിയാണ് തെരഞ്ഞെടുക്കേണ്ടത്. തുല്യ പ്രാധാന്യമുള്ള പുസ്തകങ്ങൾ 10ൽ കൂടുതൽ ഉണ്ടെന്ന് പരിശോധനാസമതിക്ക് ഏകാഭിപ്രായം ഉള്ള പക്ഷം കൂട്ടിച്ചേർക്കാവുന്നതാണ്.
5. ഒരു വിഭാഗത്തിൽ ഒരിക്കൽ മാത്രമേ ഒരു ഗ്രന്ഥകർത്താവിന് അവാർഡ് നൽകാവൂ.
6. ഒരു വർഷം ഒരാളുടെ ഒരു കൃതി മാത്രമേ ഒരു വിഭാഗത്തിൽ പരിഗണിക്കേണ്ടതുള്ളൂ.
7. ഒരു വർഷം ഒരാൾക്ക് ഒന്നിലധികം അവാർഡുകൾ വിവിധ വിഷയങ്ങൾക്കായി നൽകേണ്ടതില്ല. എൻഡോവ്മെന്റ് അവാർഡിന്റെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ട പുസ്തകങ്ങൾ അർഹമെന്ന് തോന്നുന്ന പക്ഷം അക്കാദമി അവാർഡിന് പരിഗണിക്കേണ്ടതാണ്.
8. ഏതെങ്കിലും വർഷത്തിൽ ഏതെങ്കിലും വിഭാഗത്തിൽ നിലവാരമുള്ള കൃതികൾ ഇല്ല എങ്കിൽ ആ വർഷം ആ വിഭാഗത്തിൽ അവാർഡ് നൽകേണ്ടതില്ല.
9. ഓരോ വർഷവും ഓരോ വിഭാഗത്തിനും 10 ൽ കുറയാതെയുള്ള ജഡ്ജിമാരുടെ പാനൽ തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കേണ്ടതാണ്.
10. ഓരോ വിഭാഗത്തിലും അന്തിമ പരിശോധന നടത്തേണ്ട മൂന്നു പേരെ എക്സിക്യൂട്ടീവ് അംഗീകരിച്ച പാനലിൽ നിന്നും പ്രസിഡണ്ട് തെരഞ്ഞെടുക്കുകയും അവർക്ക് സെക്രട്ടറി പുസ്തകം അയച്ചു കൊടുക്കുകയും അത് രഹസ്യമായി സൂക്ഷിക്കകയും വേണം.
11. പരിശോധന റിപ്പോർട്ട് ലഭിച്ചാൽ ജഡ്ജിമാർ നിശ്ചയിച്ചിരിക്കുന്ന ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ആകെത്തുക അനുസരിച്ച് കോൾ ലിസ്റ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തണം. കൃതിയുടെ നിലവാരമനുസരിച്ച് ഗ്രേഡുകളാണ് ജഡ്ജിമാർ നൽകേണ്ടത്. ഏറ്റവും മികച്ചതായി തോന്നുന്ന കൃതിക്ക് ഒന്നും അടുത്തത് രണ്ടും എന്നീ ക്രമത്തിൽ പ്രാഥമിക പരിശോധനാ കമ്മറ്റി തിരഞ്ഞെടുക്കുന്ന എല്ലാ പുസ്തകങ്ങൾക്കും ഗ്രേഡ് നൽകേണ്ടതാണ്.
12. മൂന്നു ജഡ്ജിമാരുടേയും പരിശോധന റിപ്പോർട്ടിലെ ഗ്രേഡ് കണക്കാക്കി ഉയർന്ന ഗ്രേഡ് വരുന്ന പുസ്തകത്തിനാണ് സാധാരണഗതിയിൽ നിർവ്വാഹക സമിതി അവാർഡ് നിശ്ചയിക്കേണ്ടത്. ജഡ്ജിമാരുടെ വിലയിരുത്തൽ അപൂർണ്ണമോ അസാധാരണമോ ആണെന്ന് തോന്നുന്ന പക്ഷം അത് അവഗണിച്ച് ഫൈനൽ ലിസ്റ്റിലെ മറ്റ് ഏത് പുസ്തകത്തിനും അവാർഡ് നിശ്ചയിക്കാൻ എക്സിക്യൂട്ടീവ് കമ്മറ്റിക്ക് അധികാരം ഉണ്ട്. ജഡ്ജിമാരുടെ പരിഗണനക്ക് നൽകിയ പ്രാഥമിക ലിസ്റ്റിലെ ഗ്രന്ഥങ്ങൾ ഒഴിവാക്കുവാനും കമ്മറ്റിക്ക് അധികാരം ഉണ്ട്.
13. അക്കാദമി വിശിഷ്ടാംഗങ്ങളുടേയോ, സമഗ്രസംഭാവനപുരസ്കാരം ലഭിച്ചവരുടേയോ, നിർവ്വാഹക സമിതി അംഗങ്ങളുടേയോ കൃതികൾ അവാർഡിന് പരിഗണിക്കുന്നതല്ല.

14. സമ്മാന വിവരം എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച് ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതു വരെ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

15. അവാർഡ് പ്രഖ്യാപനത്തോടൊപ്പം പ്രഥമിക പരിശോധന നടത്തിയവരുടേയും അന്തിമ പരിശോധന നടത്തിയവരുടേയും പേരുകൾ പ്രഖ്യാപിക്കേണ്ടതാണ്.

16. താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ് അക്കാദമി അവാർഡുകൾ നൽകുന്നത്.

| | | |
|---|---|---|
| നോവൽ | : | നോവൽ, ആഖ്യായിക, ചരിത്രനോവൽ ആത്മകഥാപരമായ നോവൽ, ശാസ്ത്രനോവൽ ലഘുനോവൽ എല്ലാത്തരം നോവലുകളും. |
| കവിത | : | കവിത, കവിതാസമാഹാരം, ഖണ്ഡകാവ്യം, മഹാകാവ്യം. മറ്റു കാവ്യരൂപങ്ങളും. |
| നാടകം | : | നാടകം, നാടകസമാഹാരം, ഏകാങ്കനാടകസമാഹാരം, തെരുവുനാടകം, കാവ്യനാടകം, മറ്റ് നാടകരൂപങ്ങളും. |
| ചെറുകഥ | : | കഥ, ചെറുകഥ, മിനിക്കഥ, നീണ്ടകഥ, നോവലൈറ്റ്, മറ്റ് കഥാരൂപങ്ങളും. |
| സാഹിത്യവിമർശനം | : | വിമർശനം, നിരൂപണം, പുസ്തകാഭിപ്രായം, വായനാനുഭവം, സാഹിത്യത്തെ മുൻനിർത്തിയുള്ള സാമൂഹ്യവിമർശനം, സംസ്കാരപഠനം. |
| വൈജ്ഞാനിക സാഹിത്യം | : | എല്ലാത്തരം വിജ്ഞാനമേഖലകളുമായി ബന്ധപ്പെട്ട രചനകൾ ഉൾപ്പെട്ട പുസ്തകങ്ങൾ |
| ജീവചരിത്രം | : | ആത്മകഥ, ജീവചരിത്രം, ഓർമ്മക്കുറിപ്പുകൾ, ജീവിതമെഴുത്ത്, അനുഭവക്കുറിപ്പുകൾ |
| യാത്രാവിവരണം | : | യാത്രയെ മുൻനിർത്തിയുള്ള രചനകൾ. |
| ഹാസ്യസാഹിത്യം | : | ഹാസ്യത്തിന് ഊന്നൽ നൽകുന്ന വിവിധ വിഭാഗത്തിലുള്ള സാഹിത്യരചനകൾ. |
| വിവർത്തനം | : | മറ്റു ഭാഷകളിൽ നിന്ന് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ട കൃതികൾ -സ്വതന്ത്ര വിവർത്തനം. ( സംഗ്രഹങ്ങളും വ്യാഖ്യാനങ്ങളും ഒഴികെ) |
| ബാലസാഹിത്യം | : | കുട്ടികൾക്ക് വായിക്കാവുന്ന കൃതികൾ എല്ലാ സാഹിത്യ രൂപങ്ങളും ഉൾപ്പെടും. |

25,000/- (ഇരുപത്തയ്യായിരം രൂപയും സാക്ഷ്യപത്രവും ഫലകവുമാണ് സമ്മാനം.)

17. അക്കാദമി അവാർഡുകൾക്കുള്ള പൊതു നിബന്ധനകൾക്ക് വിധേയമായി എൻഡോവ്മെന്റ് അവാർഡുകൾ നൽകാവുന്നതാണ്.

| | | |
|---|---|---|
| ഉപന്യാസ സമാഹാരം | - | സി.ബി.കുമാർ അവാർഡ്<br>3,000 രൂപയും സാക്ഷ്യപത്രവും |
| വ്യാകരണം-ഭാഷാശാസ്ത്രം | - | ഐ.സി. ചാക്കോ അവാർഡ്<br>5,000 രൂപയും സാക്ഷ്യപത്രവും |
| വൈജ്ഞാനികസാഹിത്യം | - | ജി.എൻ. പിള്ള അവാർഡ് - അക്കാദമി അവാർഡ് പരിഗണനയിൽ വൈജ്ഞാനികസാഹിത്യ വിഭാഗത്തിൽ രണ്ടാമത് വരുന്ന പുസ്തകം<br>3,000 രൂപയും സാക്ഷ്യപത്രവും |
| സാഹിത്യവിമർശനം | - | കുറ്റിപ്പുഴ അവാർഡ് - അക്കാദമി അവാർഡ് പരിഗണനയിൽ സാഹിത്യ വിമർശന വിഭാഗത്തിൽ രണ്ടാമത് വരുന്ന പുസ്തകം<br>2,000 രൂപയും സാക്ഷ്യപത്രവും<br>(2 വർഷത്തിലൊരിക്കൽ) |
| വൈദികസാഹിത്യം | - | കെ.ആർ. നമ്പൂതിരി അവാർഡ്<br>2,000 രൂപയും സാക്ഷ്യപത്രവും<br>മലയാളം - ആത്മീയതയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ മതഗ്രന്ഥങ്ങളുടെവ്യാഖ്യാനങ്ങളും മതവിമർശനങ്ങളും ഉൾപ്പെടെ. |
| വിലാസിനി അവാർഡ് | - | പ്രത്യേക നിബന്ധനകൾ പ്രകാരം കൊടുത്തുവരുന്നു. |

35 വയസ്സിന് താഴെയുള്ളവർ രചിച്ച കൃതികൾക്കുള്ള എൻഡോവ്മെന്റ് അവാർഡുകൾ.

| | | |
|---|---|---|
| കവിത | - | കനകശ്രീ അവാർഡ്<br>(2,000 രൂപയും സാക്ഷ്യപത്രവും) |
| നാടകം | - | നാടകവേദി ബോംബെ അവാർഡ്<br>(2,500 രൂപയും സാക്ഷ്യപത്രവും) |
| ചെറുകഥ | - | ഗീതാഹിരണ്യൻ അവാർഡ്<br>(5,000 രൂപയും സാക്ഷ്യപത്രവും) |

18. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം

ദീർഘകാലം സാഹിത്യത്തിൽ പ്രശസ്തസേവനം അർപ്പിച്ചിട്ടുള്ള അറുപതു വയസ്സു കഴിഞ്ഞവരെയായിരിക്കണം പരിഗണിക്കേണ്ടത്. സാഹിത്യകാരന്മാർക്ക് അവരുടെ സമഗ്രസംഭാനയെ ആസ്പദമാക്കി നൽകുന്ന അവാർഡാണ് ഇത്. 30,000/- രൂപയും (മുപ്പതിനായിരം രൂപ) സാക്ഷ്യപത്രവും പൊന്നാടയും ഫലകവുമാണ് അവാർഡ്. ഒരു സാമ്പത്തിക വർഷത്തിൽ 6 പേർക്ക് വരെ ഈ അവാർഡ് നൽകാവുന്നതാണ്.

---